# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.403
## 24-01-2018 - ലെ മറുപടിക്ക്

### മങ്കട നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ

| ചോദ്യം<br>ശ്രീ.ടി.എ. അഹമ്മദ് കബീർ | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) 2017-18 സാമ്പത്തിക വർഷത്തെ മങ്കട നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടി (എൽ.എ.സി-എ.ആർ) ന്റെ ഭാഗമായി നൽകിയ ശിപാർശകളിൽ മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു; | എ) 2017-18 സാമ്പത്തിക വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി ബഹു. എം.എൽ.എ യുടെ 197/മങ്കട/2017 നമ്പർ കത്ത് പ്രകാരം 03/11/2017 ന് ലഭിച്ച 18 പ്രോജക്ടുകളുടെ ശുപാർശ 13/11/2017, 20/11/2017,21/11/2017,23/11/2017,29/11/2017 തീയതികളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രവർത്തികളുടെ ഡി.പി.ആർ 10 ദിവസത്തിനകം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. കൂടാതെ മേൽ പ്രവൃത്തികളിൽ നിർദ്ദേശിച്ച 1 പ്രവൃത്തി ഭേദഗതി ചെയ്യുന്നതിന് 09/01/2018 ന് നിർദ്ദേശിക്കുകയും ആയത് 12/01/2018 ന് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. 13 പ്രവൃത്തികളുടെ ഡി.പി.ആർ ഇതു വരെ ലഭ്യമായിട്ടില്ല. |
| ബി) നൽകിയ പ്രപ്പോസലുകളിൽ എത്ര എണ്ണത്തിൽ ഡി.പി.ആർ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ തയ്യാറാക്കി നൽകിയിട്ടുണ്ട്; | ബി) ഇതുവരെ ആകെ 5 പ്രോജക്ടുകളുടെ ഡി.പി.ആർ ലഭ്യമായിട്ടുണ്ട്. |
| സി) ഡി.പി.ആർ ലഭിച്ച പ്രപ്പോസലുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | സി) 12/01/2018 ന് ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിട്ടുണ്ട്. (മേലതിൻപടി മുട്ടകരി ആലക്കടവ് റോഡ് - മൂർക്കനാട് ഗ്രാമ പഞ്ചായത്ത്- 10 ലക്ഷം). 4 പ്രവൃത്തികളുടെ ഭരണാനുമതി നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. |
| ഡി) മുഴുവൻ പദ്ധതികളുടെയും ഭരണാനുമതി 2018 മാർച്ചിനുള്ളിൽ നൽകുവാൻ സാധിക്കുമോ? | ഡി) ഡി.പി.ആർ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.